കേരളസർവകലാശാല

നം.പി.ആർ.223/2020 ഫോൺ: 2305738

# പത്രക്കുറിപ്പ്

## ഒന്നാംവർഷ ബിരുദ പ്രവേശനം 2020 – അഞ്ചാം അലോട്ട്മെന്റ് (3rd സപ്ലിമെന്ററി) അലോട്ട്മെന്റ്

കേരളസർവകലാശാല ഒന്നാം വർഷ ബിരുദ പ്രവേശനത്തിനായുള്ള 5th അലോട്ട്മെന്റ് (3rd സപ്ലിമെന്ററി) പ്രസിദ്ധീകരിച്ചു. വിദ്യാർത്ഥിയുടെ പ്രൊഫൈലിൽ ലോഗിൻ ചെയ്ത് അലോട്ട്മെന്റ് പരിശോധിക്കാവുന്നതാണ്. പുതിയതായി അലോട്ട്മെന്റ് ലഭിച്ചവർ ഓൺലൈനായി ഫീസ് അടച്ച് അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്യുക. നിലവിൽ ഏതെങ്കിലും കോളേജിൽ അഡ്മിഷൻ എടുത്ത് ഹയർ ഓപ്ഷൻ നിലനിർത്തിയിട്ടുള്ളവർ പുതിയ അലോട്ട്മെന്റ് ലഭിക്കുകയാണെങ്കിൽ പ്രൊഫൈലിൽ നിന്നും അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്യേണ്ടതാണ്. നവംബർ 16 മുതൽ 19 വരെയാണ് കോളേജിൽ പോയി അഡ്മിഷൻ എടുക്കേണ്ടത്. കോളേജിൽ പോയി അഡ്മിഷൻ എടുക്കേണ്ട തീയതിയും സമയവും അലോട്ട്മെന്റ് മെമ്മോയിൽ നൽകിയിട്ടുണ്ട്. അലോട്ടമെന്റ് ലഭിച്ചവർ മെമ്മോയിൽ പറഞ്ഞിരിക്കുന്ന സമയത്ത് തന്നെ അഡ്മിഷൻ എടുക്കേണ്ടതാണ്. ഏതെങ്കിലും കാരണത്താൽ നിശ്ചിത തീയതിയിലോ സമയത്തോ അഡ്മിഷൻ എടുക്കാൻ സാധിക്കാത്തവർ അതതു കോലേജിലെ പ്രിൻസിപ്പാളുമായി ബന്ധപ്പെടേണ്ടതാണ്.

ഹയർ ഓപ്ഷൻ നിലനിർത്തിയതിനാൽ പുതിയ അലോട്ട്മെന്റ് ലഭിച്ചവർ പുതിയതായി അലോട്ട്മെന്റ് ലഭിച്ച കോളേജിൽ നിർബന്ധമായും അഡ്മിഷൻ എടുക്കേണ്ടതാണ്. അവർക്ക്, മുൻപ് എടുത്ത ഓപ്ഷനിൽ തുടരാൻ സാധിക്കുന്നതല്ല. നവംബർ 19 ന് മുൻപ് പുതിയ അലോട്ട്മെന്റിൽ അഡ്മിഷൻ നേടിയില്ലെങ്കിൽ അലോട്ട്മെന്റ് ക്യാൻസൽ ആകുന്നതും അലോട്ട്മെന്റ് നടപടിയിൽ നിന്നും പുറത്താകുന്നതുമാണെന്ന കാര്യം ശ്രദ്ധിക്കുക. വിശദവിവരങ്ങൾക്ക് http://admissions.keralauniversity.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

## രണ്ടാം സെമസ്റ്റർ സി.ബി.സി.എസ്./സി.ബി.സി.എസ്. (സി.ആർ) പരീക്ഷകൾക്ക് മറ്റു ജില്ലകളിലും പരീക്ഷാകേന്ദ്രങ്ങൾ

2020 നവംബർ 23 ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ സി.ബി.സി.എസ്./സി.ബി.സി.എസ്. (സി.ആർ.) ബി.എ., ബി.എസ്.സി., ബി.കോം. ഡിഗ്രി (റെഗുലർ 2019 അഡ്മിഷൻ, ഇംപ്രൂവ്മെന്റ് 2018 അഡ്മിഷൻ, 2014, 2015, 2016, 2017 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾക്ക് കേരളസർവകലാശാലയുടെ അധികാരപരിധിക്ക് പുറത്തുള്ള ജില്ലകളിൽ

ഓരോ പരീക്ഷാകേന്ദ്രങ്ങൾ ഉണ്ടായിരിക്കുന്നതാണ്. സെന്റർ മാറ്റം ആവശ്യമുള്ള വിദ്യാർത്ഥികൾക്ക് 2020 നവംബർ 15, 5 മണി വരെ രജിസ്ട്രേഷൻ പോർട്ടലിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.

## ടൈംടേബിൾ

2020 നവംബർ 18 ന് ആരംഭിക്കുന്ന ബി.ബി.എ. (ആന്വൽ സ്കീം - പ്രൈവറ്റ് രജിസ്ട്രേഷൻ) രണ്ടാം വർഷ ഡിഗ്രി (റെഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷയുടെ പുതുക്കിയ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## ഒന്നാം വർഷ ബി.ബി.എ. പരീക്ഷ മാറ്റിവച്ചു

2020 ഡിസംബർ 2 ന് ആരംഭിക്കാനിരുന്ന ഒന്നാംവർഷ ബി.ബി.എ. (ആന്വൽ സ്കീം - പ്രൈവറ്റ് രജിസ്ട്രേഷൻ) ഡിഗ്രി (റെഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷ മാറ്റിവച്ചു. പുതുക്കിയ തീയതി പിന്നീട് അറിയിക്കുന്നതാണ്.

## പരീക്ഷാഫലം

2020 ജൂണിൽ നടത്തിയ ബി.എ.ആന്വൽ സ്കീം പാർട്ട് മൂന്ന് ഹിന്ദി ലാംഗേജ് ആന്റ് ലിറ്ററേച്ചർ മെയിൻ (സപ്ലിമെന്ററി ഓൺലൈൻ ആന്റ് ഓഫ്ലൈൻ), പൊളിറ്റിക്കൽ സയൻസ് മെയിൻ (സപ്ലിമെന്ററി ഓൺലൈൻ ആന്റ് ഓഫ്ലൈൻ), സോഷ്യോളജി, പൊളിറ്റിക്കൽ സയൻസ്, കേരളാ കൾച്ചർ, സെക്രട്ടേറിയൽ പ്രാക്ടീസ് ആന്റ് ട്രാൻസ്ലേഷൻ, കംപാരറ്റീവ് റിലീജിയൻ ആന്റ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ സബ്സിഡിയറി എന്നിവയുടെ ഫലം സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്. ഓൺലൈൻ വിദ്യാർത്ഥികൾ സപ്ലിമെന്ററി പരീക്ഷയുടെയും സബ്സിഡിയറി പരീക്ഷയുടെയും സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും നവംബർ 24 വരെയും ഓഫ്ലൈൻ വിദ്യാർത്ഥികൾ നവംബർ 30 വരെയും അപേക്ഷിക്കാം. കരട് മാർക്ക് ലിസ്റ്റ് സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

കേരളസർവകലാശാല 2020 സെപ്റ്റംബറിൽ നടത്തിയ നാലാം സെമസ്റ്റർ ബി.പി.എഡ്. പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## സീറ്റ് ഒഴിവ്

കേരളസർവകലാശാലയുടെ പഠനഗവേഷണ വകുപ്പുകളിൽ എം.എ. ഇസ്ലാമിക് ഹിസ്റ്ററി, വെസ്റ്റ് ഏഷ്യൻ സ്റ്റഡീസ്, അറബിക്, മ്യൂസിക്, തമിഴ്, സംസ്കൃതം, ജർമൻ, എം.എസ്.സി. ഡെമോഗ്രഫി, ആക്ച്വൂറിയൽ സയൻസ്, അപ്ലൈഡ് സ്റ്റാറ്റിസ്റ്റിക്സ് എന്നീ പ്രോഗ്രാമുകൾക്ക് 2020 - 22 ബാച്ച് അഡ്മിഷന് എസ്.സി. സീറ്റ് ഒഴിവുണ്ട്. പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ നവംബർ 16 ന് രാവിലെ 11 മണിക്ക് അസൽ സർട്ടിഫിക്കറ്റുകളുമായി വകുപ്പിൽ നേരിട്ട് ഹാജരാകേണ്ടതാണ്.

കേരളസർവകലാശാലയുടെ പഠനഗവേഷണ വകുപ്പുകളിൽ എം.എ. വെസ്റ്റ് ഏഷ്യൻ സ്റ്റഡീസ്, പൊളിറ്റിക്കൽ സയൻസ്, അറബിക്, ഹിന്ദി, തമിഴ്, സംസ്കൃതം, ജർമൻ, ഹിസ്റ്ററി, എം.സി.ജെ., എം.കോം. ഗ്ലോബൽ, എം.എസ്.സി. ഡെമോഗ്രഫി, കെമിസ്ട്രി, സ്റ്റാറ്റിസ്റ്റി

ക്സ്, എൽ.എൽ.എം. എന്നീ പ്രോഗ്രാമുകൾക്ക് 2020 – 22 ബാച്ച് അഡ്മിഷന് എസ്.ടി. സീറ്റ് ഒഴിവുണ്ട്. പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ നവംബർ 16 ന് രാവിലെ 11 മണിക്ക് അസൽ സർട്ടിഫക്കറ്റുകളുമായി വകുപ്പിൽ നേരിട്ട് ഹാജരാകേണ്ടതാണ്.

കേരളസർവകലാശാലയുടെ കാര്യവട്ടം ക്യാമ്പസിലെ ബയോടെക്നോളജി പഠനവകുപ്പിൽ ഒന്നാം വർഷ എം.എസ്.സി. ബയോടെക്നോളജി (സി.എസ്.എസ്.) 2020 – 22 പ്രോഗ്രാമിൽ എസ്.ടി. വിഭാഗത്തിൽ ഒരു സീറ്റ് ഒഴിവുണ്ട്. അർഹരായിട്ടുളളവർ അസൽ രേഖകളുമായി നവംബർ 16 ന് രാവിലെ 11 മണിക്ക് പഠനവകുപ്പ് മേധാവി മുൻപാകെ ഹാജരാകേണ്ടതാണ്. വിശദവിവരങ്ങൾക്ക് 0471 – 2308778, 8921031690 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം
13.11.2020

e-mail: ku.release@gmail.comwebsite: www.keralauniversity.ac.in University information is available on 0471-2305994, 155300 (BSNL Land line), 0471-155300
(from mobile) 0471-2115054 and 0471-2115098